**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 844** **06-02-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടിജാതി-പട്ടികവർഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | 5/1/2023ലെ സ.ഉ. (പി) 1/2023/പജപവവിവ, സ.ഉ. (പി) 2/2023/പജപവവിവ എന്നീ ഗവ. ഉത്തരവുകൾ പ്രകാരം പട്ടിജാതി-പട്ടികവർഗ വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് മാനദണ്ഡങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം I, അനുബന്ധം II ആയി ചേർക്കുന്നു. |
| (ബി) | പുതുതലമുറ കോഴ്സുകളെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കോഴ്സുകളാണ് ഈ ഉത്തരവ് പ്രകാരം നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്.<br>(1) ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ<br>(2) സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു.ജി.സി അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ<br>(3) ഡീംഡ് യൂണിവേഴ്സിറ്റികൾ (Deemed Universities)<br>(4) സംസ്ഥാന/കേന്ദ്ര സർക്കാർ അംഗീകരിച്ച സ്വകാര്യ യൂണിവേഴ്സിറ്റികൾ<br>(5) സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്ര സർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹു. സുപ്രീം കോടതി നിർദ്ദേശ പ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ<br>(6) 11, 12 ക്ലാസുകൾക്ക് അംഗീകാരമുള്ള സ്കൂൾ<br>(7) കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ<br>(8) NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികൾ, സംസ്ഥാന/കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ |

| | | | |
|---|---|---|---|
| | | | (regulatory body) അഫിലിയേറ്റ്/അംഗീകരിച്ച ആയ കോഴ്സ്/ സ്ഥാപനങ്ങൾ<br><br>(9) NCVT യുടെ അംഗീകാരമുള്ള വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ<br><br>മേൽ സ്ഥാപനങ്ങളിലെ പുതുതലമുറ കോഴ്സുകൾ ഉൾപ്പെടെയുള്ള എല്ലാ കോഴ്സുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഉത്തരവ് പ്രകാരം സംസ്ഥാനത്തിന് പുറത്ത് ഈ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാകുമോ; വ്യക്തമാക്കാമോ; | (സി) | ലഭ്യമാകും. സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാതലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും, സുതാര്യവും നീതിയുക്തവുമായ രീതിയിൽ മെറിറ്റ്/ റിസർവേഷനിൽ സ്പോട്ട് അഡ്മിഷൻ നേടുന്നവർക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്തിന് പുറത്ത് പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാകാൻ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | ലഭ്യമാകും. സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാതലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും, സുതാര്യവും നീതിയുക്തവുമായ രീതിയിൽ മെറിറ്റ്/ റിസർവേഷനിൽ സ്പോട്ട് അഡ്മിഷൻ നേടുന്നവർക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. |
| (ഇ) | പുതുതായി ഏതെങ്കിലും സ്ഥാപനങ്ങളെ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(1) ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ<br><br>(2) സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു.ജി.സി അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ<br><br>(3) ഡീംഡ് യൂണിവേഴ്സിറ്റികൾ (Deemed Universities)<br><br>(4) സംസ്ഥാന/കേന്ദ്ര സർക്കാർ അംഗീകരിച്ച സ്വകാര്യ യൂണിവേഴ്സിറ്റികൾ<br><br>(5) സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്ര സർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹു. സുപ്രീം കോടതി നിർദ്ദേശ പ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ<br><br>(6) 11, 12 ക്ലാസുകൾക്ക് അംഗീകാരമുള്ള സ്കൂൾ |

| | | | |
|---|---|---|---|
| | | | (7) കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ<br><br>(8) NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികൾ, സംസ്ഥാന/കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ (regulatory body) അഫിലിയേറ്റ്/അംഗീകരിച്ച ആയ കോഴ്സ്/ സ്ഥാപനങ്ങൾ<br><br>(9) NCVT യുടെ അംഗീകാരമുള്ള വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്—പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ—അക്കാഡമിക് അലവൻസ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

**സ. ഉ. (അച്ചടി) നമ്പർ 1/2023/SCSTD** തിരുവനന്തപുരം, തീയതി 2023 ജനുവരി 5.

---

പരാമർശം:—(1) കേന്ദ്ര സർക്കാരിന്റെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള 2010-ലെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ

(2) സ.ഉ. (അച്ചടി) നമ്പർ 01/2020/പജപവവിവ തീയതി 9-1-2020

(3) കേന്ദ്ര സർക്കാരിന്റെ 2021-ലെ പുതുക്കിയ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ

**ഉത്തരവ്**

സംസ്ഥാനത്തെ പ്രീമെട്രിക്/പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ. വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം നിജപ്പെടുത്തിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (3) പ്രകാരം കേന്ദ്രസർക്കാർ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗ നിർദ്ദേശം അനുസരിച്ച് അക്കാഡമിക് അലവൻസുകൾ ഉൾപ്പെടെയുള്ള സ്കോളർഷിപ്പുകൾ കോഴ്സ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഒറ്റത്തവണയായിട്ടാണ് വിതരണം ചെയ്യേണ്ടത്. സംസ്ഥാന സർക്കാർ വിതരണം ചെയ്തുവരുന്ന സ്കോളർഷിപ്പ് പദ്ധതി ടി മാതൃകയിൽ കോഴ്സ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുകയും പ്രതിമാസ പേയ്മെന്റുകൾ വാർഷിക കണക്കിൽ ഏകീകരിച്ച് ഒറ്റത്തവണയായി വിതരണ രീതിയിലേക്ക് മാറുകയും ചെയ്യേണ്ടതുണ്ട്.

GCPT. 3/89/2023/TP.

മേൽ സാഹചര്യത്തിൽ പരാമർശം (2) ഉത്തരവിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് പഠനം എന്ന ഭാഗം ചുവടെ പറയും പ്രകാരം പുനഃക്രമീകരിച്ച് കൊണ്ട് ഉത്തരവാകുന്നു.

സ്റ്റേറ്റ് അക്കാഡമിക് അലവൻസ്

(1) സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന വിവിധ അലവൻസുകളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നിവയുടെ ആകെ തുക സ്റ്റേറ്റ് അക്കാഡമിക് അലവൻസ് എന്ന പേരിൽ ഒറ്റത്തവണയായി ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന വിതരണം ചെയ്യുന്നതാണ്.

(2) ഇ-ഗ്രാന്റ്സ് സൈറ്റിലെ എല്ലാ കോഴ്സുകളും പുതുക്കിയ കേന്ദ്ര മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 4 കോഴ്സ് ഗ്രൂപ്പുകളായി (Group-1, Group-2, Group-3, Group-4) തരം തിരിച്ച് സ്റ്റേറ്റ് അക്കാഡമിക് അലവൻസ് വിതരണം ചെയ്യുന്നതാണ്.

(3) നിലവിലുള്ള അക്കോമഡേഷൻ കാറ്റഗറികൾ പുതുക്കിയ കേന്ദ്ര മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇ-ഗ്രാന്റ്സ് സൈറ്റിൽ Day Scholar, Hosteller എന്നീ രണ്ട് വിഭാഗങ്ങളായി ചുവടെ പറയും പ്രകാരം തരം തിരിക്കുന്നു.

| ക്രമ നമ്പർ | നിലവിലുള്ള അക്കോമഡേഷൻ കാറ്റഗറി | പരിഷ്കരിക്കുന്ന അക്കോമഡേഷൻ കാറ്റഗറി |
|---|---|---|
| 1 | Day Scholar (up to 8 km) | Day Scholar |
| 2 | Day Scholar (above 8 km) | |
| 3 | Institution Hosteller | Hosteller |
| 4 | Private Hosteller | |
| 5 | Post Matric Hosteller | |

(4) Day Scholar വിഭാഗത്തിനു നൽകുന്ന പ്രതിമാസ സ്റ്റൈപ്പന്റ് ദൂരപരിധിയില്ലാതെ പ്രതിവർഷം ₹ 8,500 ആയി ഏകീകരിക്കുന്നു.

(5) CA/ICWA/CS/ICFA കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളെ Day Scholar ആയി മാത്രമേ പരിഗണിക്കുകയുള്ളൂ. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഹോസ്റ്റലറായി പരിഗണിക്കുന്നതാണ്.

(6) ഓരോ കാറ്റഗറിക്കും സ്റ്റേറ്റ് അക്കാഡമിക് അലവൻസ് ഇനത്തിൽ അർഹതപ്പെട്ട ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കാറ്റഗറി | സ്റ്റേറ്റ് അക്കാഡമിക് അലവൻസ് | |
|---|---|---|---|
| 1 | Day Scholar | ലംപ്സം ഗ്രാന്റ് | സ്റ്റൈപ്പന്റ് |
| 2 | Hosteller | ലംപ്സം ഗ്രാന്റ് | പോക്കറ്റ് മണി |

(7) M. Phil, Ph. D, M. Tech, M. lit. തുടങ്ങിയ കോഴ്സുകൾക്ക് അനുവദിക്കുന്ന ഫെലോഷിപ്പ് നിലവിലുള്ളതുപോലെ പ്രതിമാസ കണക്കിൽ വിതരണം തുടരുന്നതാണ്.

2022-23 വർഷം മുതൽ ഈ ഉത്തരവിന് പ്രാബല്യമുണ്ടായിരിക്കും. ലംപ്സം ഗ്രാന്റ്, ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി എന്നിവ വർദ്ധിപ്പിച്ച് ഉത്തരവാകുന്നതുവരെ വിതരണം നിലവിലെ നിരക്കിൽ തുടരേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**പ്രശാന്ത് എൻ. ഐ. എ. എസ്.,**
*സ്പെഷ്യൽ സെക്രട്ടറി.*

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹോമിയോപ്പതിക് ഡയറക്ടർ, തിരുവനന്തപുരം

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ആയുർവേദ കോളേജ് പ്രിൻസിപ്പൽമാർ (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന)

മാനേജിംഗ് ഡയറക്ടർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

എല്ലാ സർവ്വകലാശാലാ രജിസ്ട്രാർമാർക്കും (പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G & SSA ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E & RSA), കേരള, തിരുവനന്തപുരം

പ്രവേശന പരീക്ഷാ കമ്മീഷണർ, KEAM

ധനകാര്യ വകുപ്പ്

പട്ടികജാതി/പട്ടികവർഗ്ഗ വികസന (പി. എം.) വകുപ്പ്

പൊതു വിദ്യാഭ്യാസ വകുപ്പ്

ഉന്നത വിദ്യാഭ്യാസ വകുപ്പ്

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ

---

"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്—പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ—അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സമഗ്രമായ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

**സ. ഉ. (അച്ചടി) നമ്പർ 2/2023/SCSTD** തിരുവനന്തപുരം, തീയതി 2023 ജനുവരി 5.

---

പരാമർശം:—(1) സ.ഉ. (അച്ചടി) നമ്പർ 50/2009/പജപവവിവ തീയതി 2-7-2009

(2) സ.ഉ. (അച്ചടി) നമ്പർ 124/2010/പജപവവിവ തീയതി 23-12-2010

(3) കേന്ദ്ര സർക്കാരിന്റെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള 2010-ലെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് മാർഗ്ഗ നിർദ്ദേശങ്ങൾ

(4) സ.ഉ. (സാധാ) നമ്പർ 212/2011/പജപവവിവ തീയതി 14-2-2011

(5) സ.ഉ. (സാധാ) നമ്പർ 587/2011/പജപവവിവ തീയതി 27-6-2011

(6) സ.ഉ. (പി) നമ്പർ 10/2017/പജപവവിവ തീയതി 14-11-2017

(7) സ.ഉ. (കൈ) നമ്പർ 96/2018/പജപവവിവ തീയതി 15-12-2018

(8) സ.ഉ. (പി) നമ്പർ 4/2021/പജപവവിവ തീയതി 6-12-2021

(9) കേന്ദ്ര സർക്കാരിന്റെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള 2021-ലെ പുതുക്കിയ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് മാർഗ്ഗ നിർദ്ദേശങ്ങൾ

(10) സ.ഉ. (കൈ) നമ്പർ 20/2022/പജപവവിവ തീയതി 8-4-2022

GCPT. 3/90/2023/TP.

## ഉത്തരവ്

സംസ്ഥാന സർക്കാർ അനുവദിക്കുന്ന വിദ്യാഭ്യാസാനുകൂല്യം പ്രയോജനപ്പെടുത്തി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾ കേരളത്തിനകത്തും പുറത്തും വിവിധ കോഴ്സുകളിൽ പഠനം നടത്തി വരുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിന് വിദ്യാഭ്യാസ രംഗത്തെ സംസ്ഥാനത്തിനകത്തുള്ള പഠനം എന്നും ഇതര സംസ്ഥാനത്തിന് പുറത്തുള്ള പഠനമെന്നും രണ്ടു വിഭാഗമായി തിരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിലെ വ്യവസ്ഥകൾ അനുസരിച്ചാണ് പട്ടികജാതി/പട്ടികവർഗ്ഗ പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്തു വരുന്നത്. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ കേന്ദ്രമാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവിലെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സംബന്ധിച്ച ഖണ്ഡിക (B), (C), (D), (E) എന്നിവയുടെയും വിഭാഗം II സംസ്ഥാനത്തിനു പുറത്തുള്ള പഠനം എന്നിവയുടെയും വ്യവസ്ഥകൾ ചുവടെ ചേർക്കും പ്രകാരം പരിഷ്കരിച്ചുകൊണ്ടും മാനദണ്ഡങ്ങൾ ഏകീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

### പരിഷ്കരിച്ച മാനദണ്ഡങ്ങൾ

**(A) സ്കോളർഷിപ്പ്—പൊതുവായ മാനദണ്ഡങ്ങൾ/പൊതു വ്യവസ്ഥകൾ**

(1) സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) ഇ-ഗ്രാന്റ്സ് പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികൾക്ക് മറ്റേതെങ്കിലും സ്കോളർഷിപ്പിന് അർഹത നേടുന്ന പക്ഷം വിദ്യാർത്ഥികൾ തീരുമാനമെടുത്ത് അഭികാമ്യമായ ഏതെങ്കിലും ഒരു സ്കോളർഷിപ്പ് മാത്രം വാങ്ങാവുന്നതാണ്.

(3) വിദ്യാർത്ഥികൾക്ക് ആധാർ സീഡ് ചെയ്ത ബാങ്ക് അക്കൗണ്ടുകൾ ഉണ്ടായിരിക്കേണ്ടതാണ്.

(4) ഒരു അക്കാഡമിക് വർഷം ഒരു കോഴ്സിനു മാത്രമേ സ്കോളർഷിപ്പ് അർഹതയുള്ളൂ.

(5) ഒരു അക്കാഡമിക് വർഷത്തെ തൃപ്തികരമായ പ്രകടനം, 75% ഹാജർനില എന്നിവയുടെ അടിസ്ഥാനത്തിൽ റിന്യൂവൽ നൽകുന്നതാണ്.

(6) രോഗം കാരണമായി ഒരു അക്കാഡമിക് വർഷത്തെ പരീക്ഷ എഴുതാൻ കഴിയാത്തപക്ഷം ബന്ധപ്പെട്ട അതോറിറ്റിയിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്ഥാപന മേധാവിയുടെ ശുപാർശ പ്രകാരം റിന്യൂവൽ നൽകുന്നതാണ്.

(7) ഏതെങ്കിലും യൂണിവേഴ്സിറ്റി/സ്ഥാപനത്തിന്റെ നിയമാവലി പ്രകാരം താഴ്ന്ന ക്ലാസ്സിലെ പരീക്ഷ പാസാകാതെ ഉയർന്ന ക്ലാസ്സിലേക്ക് പ്രൊമോട്ട് ചെയ്യുകയും പിന്നീട് താഴ്ന്ന ക്ലാസ്സിലെ പരീക്ഷ എഴുതേണ്ടി വരുകയും ചെയ്താലും മറ്റുവിധത്തിൽ അർഹതയുള്ള പക്ഷം വിദ്യാർത്ഥിക്ക് ഉയർന്ന ക്ലാസ്സിലെ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(8) ഏതെങ്കിലും ക്ലാസ്സിൽ തോൽക്കുകയും അതേ ക്ലാസ്സിൽ റഗുലർ സ്റ്റുഡന്റായി വീണ്ടും ചേരുകയും ചെയ്താൽ ഒരു അധിക വർഷം അല്ലെങ്കിൽ യഥാർത്ഥ കാലയളവ് ഏതാണോ കുറവ് എന്നത് പ്രകാരം ആനുകൂല്യം അനുവദിക്കുന്നതാണ്. ഇപ്രകാരം റിപ്പീറ്റ് ചെയ്യുന്നവർക്ക് ഫീസ് ആനുകൂല്യങ്ങളും സ്റ്റേറ്റ് അക്കാഡമിക് അലവൻസിന്റെ 50% നിരക്കിലുള്ള തുകയും ഒരു തവണത്തേക്കുമാത്രം അനുവദിക്കുന്നതാണ്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം 3 തവണത്തേക്ക് ലഭ്യമാണ്.

(9) വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയത്തിനുള്ളിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം.

(10) ഒരു കോഴ്സിന് ഒറ്റത്തവണ മാത്രം വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയാകും.

(11) തെറ്റായ വിവരങ്ങൾ നൽകി ആനുകൂല്യം നേടിയതായി തെളിയുന്ന പക്ഷം സ്കോളർഷിപ്പ് റദ്ദാക്കുന്നതും, നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(12) അനുമതിയില്ലാതെ കോഴ്സ്/സ്ഥാപനം എന്നിവ മാറിയാൽ സ്കോളർഷിപ്പ് റദ്ദാക്കുന്നതാണ്. ഇത്തരം കേസുകൾ സ്ഥാപന മേധാവികൾ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(13) കേന്ദ്ര/സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പരിഷ്കരിക്കുന്ന മുറയ്ക്ക് ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയുള്ള സ്കോളർഷിപ്പ് വിതരണ രീതി ക്രമീകരിക്കുന്നതാണ്.

**(B) കോഴ്സുകൾ**

ചുവടെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അംഗീകൃത സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, കോളേജുകൾ എന്നിവിടങ്ങളിലെ എല്ലാ അംഗീകൃത പോസ്റ്റ് മെട്രിക്കുലേഷൻ/പോസ്റ്റ് സെക്കൻഡറി കോഴ്സുകൾ പഠിക്കുന്നതിന് മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്ക് സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

(1) ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ (Institutions of National Importance)

(2) സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു.ജി.സി. അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ (Central University/State University/Autonomous Colleges recognised by UGC)

(3) ഡീംഡ് യൂണിവേഴ്സിറ്റികൾ (Deemed Universities)

(4) സംസ്ഥാന/കേന്ദ്ര സർക്കാർ അംഗീകരിച്ച സ്വകാര്യ യൂണിവേഴ്സിറ്റികൾ (All Private Universities recognised by State/Central)

(5) സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്ര സർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹു. സുപ്രീം കോടതി നിർദ്ദേശ പ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ (Private Professional Institutions affiliated to a recognised Central/State University and covered by a Fee Fixation committee as mandated by Supreme Court)

(6) 11, 12 ക്ലാസ്സുകൾക്ക് അംഗീകാരമുള്ള സ്കൂൾ (Recognised Schools for Classes XI and XII)

(7) കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും, ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ (Diploma granting Institutions as recognised by State/Central Governments)

(8) NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികൾ, സംസ്ഥാന/കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ (Regulatory Body) അഫിലിയേറ്റ്/അംഗീകരിച്ച ആയ കോഴ്സ്/സ്ഥാപനങ്ങൾ (Institutions/Course affiliated/approved by the appropriate bodies like NMC/AICTE etc. or any other regulatory body established by State/Central/Centre)

(9) NCVT യുടെ അംഗീകാരമുള്ള വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ [Vocational Training Institutes affiliated to National Council for Vocational Training (NCVT)]

**(C) വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

(1) AISHE Code/UDISE Code ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമേ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

(2) സ്ഥാപനം National Scholarship Portal-ൽ രജിസ്റ്റർ ചെയ്തിരിക്കണം.

(3) 2024-നു മുമ്പ് NAAC/NBA അക്രഡിറ്റേഷൻ നേടാത്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(4) സ്ഥാപനങ്ങളിൽ ആധാർ അധിഷ്ഠിത അറ്റൻഡൻസ് സിസ്റ്റം നടപ്പിലാക്കുകയും അത് സ്കോളർഷിപ്പ് പോർട്ടലുമായി ലിങ്ക് ചെയ്യേണ്ടതാണ്.

(5) സംസ്ഥാന സർക്കാർ വിദ്യാർത്ഥിക്കു നൽകുന്ന Freeship Card അംഗീകരിക്കുകയും മുൻകൂർ ഫീസ് ഒടുക്കാതെ തന്നെ അഡ്മിഷൻ നൽകേണ്ടതാണ്.

## (D) വിദ്യാർത്ഥികളുടെ അർഹത

### (D1) സംസ്ഥാനത്തിനകത്തുള്ള പഠനം

(1) കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, കേന്ദ്ര/സംസ്ഥാന യൂണിവേഴ്സിറ്റികൾ, കേന്ദ്ര/സംസ്ഥാന സർക്കാർ ഏജൻസികൾ, കേന്ദ്ര/സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡുകൾ തുടങ്ങിയവ സംസ്ഥാന തലത്തിലോ അഖിലേന്ത്യാ തലത്തിലോ നടത്തുന്ന പ്രവേശന പരീക്ഷകളിലൂടെ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്നവർക്ക് മാത്രം സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

(2) യൂണിവേഴ്സിറ്റികളുടെ ഏകജാലക സംവിധാനം വഴി മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും മെറിറ്റ്/റിസർവേഷൻ പാലിച്ച് സ്പോട്ട് അഡ്മിഷൻ വഴി പ്രവേശനം നേടുന്നവർക്കും അലോട്ട്മെന്റ് മെമ്മോയുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

(3) സ്പോർട്സ് ക്വോട്ടയിലും ഡിഫൻസ് ക്വോട്ടയിലും സംസ്ഥാനത്തിനകത്ത് പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

### (D2) ഇതര സംസ്ഥാന പഠനം

സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാ തലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും, സുതാര്യവും, നീതിയുക്തവുമായ രീതിയിൽ മെറിറ്റ്/റിസർവേഷനിൽ സ്പോട്ട് അഡ്മിഷൻ നേടുന്നവർക്കും മാത്രം സംസ്ഥാനത്തിനു പുറത്തുള്ള പഠനത്തിന് സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

## (E) സ്കോളർഷിപ്പ് നിരക്ക്/വിതരണം

(1) ചുവടെ പറയും പ്രകാരം രണ്ടു ഘടകങ്ങളായാണ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിദ്യാർത്ഥികളുടെ അക്കൗണ്ടിൽ വിതരണം ചെയ്യുന്നത്.

(a) സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable fees

(b) സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസ്

(2) സ്കോളർഷിപ്പ് വിതരണ നടപടികൾ ഇ-ഗ്രാന്റ്സ് പോർട്ടൽ/നാഷണൽ പോർട്ടൽ മുഖേന ഓൺലൈനായി നിർവഹിക്കുന്നതാണ്.

(3) കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിധിയിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്ര-സംസ്ഥാന വിഹിതമടങ്ങിയ സ്കോളർഷിപ്പ് ഇ-ഗ്രാന്റ്സ് പോർട്ടൽ/നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖേന ലഭിക്കുന്നതാണ്. കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിധിയിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്ര നിരക്കിലുള്ള അക്കാഡമിക് അലവൻസ് സംസ്ഥാനം നിശ്ചയിച്ചിട്ടുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസിനെക്കാൾ കുറവാണെങ്കിൽ സ്റ്റേറ്റ് അക്കാഡമിക് അലവൻസിന് തത്തുല്യമായ അധിക തുക സംസ്ഥാന ധനസഹായമായി ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന നൽകുന്നതാണ്.

(4) കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിധിയിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ കാലകാലങ്ങളിൽ നിശ്ചയിക്കുന്ന വരുമാന പരിധിക്കും മറ്റു നിബന്ധനകൾക്കും വിധേയമായി ഖണ്ഡിക E (1) (a), (b) പ്രകാരമുള്ള സ്കോളർഷിപ്പ് നൽകുന്നതാണ്.

(5) സംസ്ഥാന യൂണിവേഴ്സിറ്റികൾ, IGNOU എന്നിവ വഴിയുള്ള വിദൂര/ഓൺലൈൻ/പാർട്ട് ടൈം/ഈവനിംഗ് കോഴ്സുകൾക്ക് ഖണ്ഡിക E (1), (a) പ്രകാരമുള്ള ഫീസ് മാത്രമേ ലഭിക്കുകയുള്ളൂ. ഖണ്ഡിക E (1), (b) പ്രകാരമുള്ള സംസ്ഥാന അക്കാഡമിക് അലവൻസിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

**(F) ഫെലോഷിപ്പ് നിരക്ക്**

(1) Ph.D, M.Phil, M. Tech, M.lit തുടങ്ങിയ കോഴ്സുകളിൽ യു. ജി. സി./ഗേറ്റ് പാസാകാത്ത വിദ്യാർത്ഥികൾക്ക് യു. ജി. സി. കാലാകാലങ്ങളിൽ അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും സംസ്ഥാന ധനസഹായമായി അനുവദിക്കുന്നതാണ്. ഫെലോഷിപ്പ് കണ്ടിജന്റ് ഗ്രാന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഖണ്ഡിക E (1), (b) യിൽ പരാമർശിക്കുന്ന സ്റ്റേറ്റ് അക്കാഡമിക് അലവൻസ് ലഭിക്കുന്നതല്ല. കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിധിയിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്ര നിരക്കിലുള്ള അക്കാഡമിക് അലവൻസ് ലഭിക്കുന്നതിനാൽ പ്രസ്തുത വിദ്യാർത്ഥികളുടെ കണ്ടിജന്റ് ഗ്രാന്റ് തുക അക്കാഡമിക് അലവൻസിൽ ക്രമീകരിക്കുന്നതാണ്.

(2) കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ Ph.D, M.Phil, M. Tech, M.lit എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന UGC/GATE/NET യോഗ്യതാ പരീക്ഷ പാസാകാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇവ പാസായ വിദ്യാർത്ഥികൾക്ക് നൽകുന്ന ഫെലോഷിപ്പ്, കണ്ടിജന്റ് ഗ്രാന്റ് എന്നിവയുടെ 75% നിരക്കിലുള്ള തുക നൽകുന്നതാണ്. UGC/AICTE എന്നിവ ഫെലോഷിപ്പ് നൽകുന്ന കോഴ്സുകൾക്കു മാത്രമാണ് 75% നിരക്കിലുള്ള സ്കോളർഷിപ്പ് നൽകുന്നത്. UGC/AICTE ഫെലോഷിപ്പുകൾ നൽകാത്ത മറ്റൊരു കോഴ്സിനും സ്കോളർഷിപ്പ് നൽകുന്നതല്ല.

(3) എം.ഫിൽ, പി. എച്ച്. ഡി. തുടങ്ങിയ കോഴ്സുകൾ പഠിക്കുന്നതും യു. ജി. സി. പാസാകാത്തവരുമായ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 40 വയസും, ആനുകൂല്യം ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 45 വയസും ആണ്.

**(G) ഫ്രീഷിപ്പ് കാർഡ്**

കേന്ദ്ര/സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ ഫ്രീഷിപ്പ് കാർഡ് അനുവദിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് നൽകുന്ന ഫ്രീഷിപ്പ് കാർഡ് അംഗീകരിക്കുകയും മുൻകൂർ ഫീസ് ഒടുക്കാതെ തന്നെ സ്ഥാപനങ്ങൾ അഡ്മിഷൻ നൽകേണ്ടതാണ്.

(1) ഫ്രീഷിപ്പ് കാർഡിനായി വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് പോർട്ടൽ/സ്കോളർഷിപ്പ് പോർട്ടൽ വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി മുഴുവൻ സമയവും പോർട്ടൽ ലഭ്യമാകുന്നതാണ്. രജിസ്ട്രേഷനായി പാസ്പോർട്ട് സൈസ് ഫോട്ടോ, പാസായിട്ടുള്ള വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ഇ-ഗ്രാന്റ്സ് പോർട്ടലിൽ ലഭ്യമാകുന്നതാണ്.

(2) രജിസ്ട്രേഷൻ പരിശോധന പ്രക്രിയ പൂർത്തിയാക്കി 30 ദിവസത്തിനകം ഇ-ഗ്രാന്റ്സ് പോർട്ടൽ വഴി ഫ്രീഷിപ്പ് കാർഡ് നൽകുന്നതാണ്. ഇത് പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

(3) വിദ്യാർത്ഥികൾക്ക് നൽകുന്ന ഫ്രീഷിപ്പ് കാർഡ് അംഗീകരിച്ച് മുൻകൂർ ഫീസ് ഒടുക്കാതെ തന്നെ സ്ഥാപനങ്ങൾ അഡ്മിഷൻ നൽകേണ്ടതും അന്നേ ദിവസം തന്നെ ഇ-ഗ്രാന്റ്സ് പോർട്ടൽ പരിശോധിച്ച് ആധികാരികത ഉറപ്പു വരുത്തേണ്ടതുമാണ്.

(4) സ്കോളർഷിപ്പ് ലഭ്യമായി ഒരാഴ്ചയ്ക്കകം സ്ഥാപനങ്ങൾക്ക് ഒടുക്കേണ്ട തുക വിദ്യാർത്ഥികൾ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്.

(5) വിദ്യാർത്ഥികളുടെ അക്കൗണ്ടിൽ സ്കോളർഷിപ്പ് നൽകുന്ന വിവരം യഥാസമയം സ്ഥാപനത്തെ അറിയിക്കുന്നതും, വിദ്യാർത്ഥികൾ ഒരാഴ്ചയ്ക്കകം തുക ഒടുക്കിയിട്ടുണ്ടെന്ന് സ്ഥാപനങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

(6) ഫ്രീഷിപ്പ് കാർഡ് വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ഡയറക്ടർമാർ സ്വീകരിക്കുന്നതാണ്.

**(H) സർക്കാർ ജീവനക്കാരുടെ പഠനം സ്കോളർഷിപ്പ് വ്യവസ്ഥകൾ**

(1) സർക്കാർ ജീവനക്കാരായ വിദ്യാർത്ഥികൾ പാർട്ട് ടൈം കോഴ്സ് ചെയ്യുന്നവരാണെങ്കിൽ സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ക്ലാസ്സ് IV ജീവനക്കാർക്ക് ഇത് ബാധകമല്ല.

(2) സർക്കാർ ജീവനക്കാർക്ക് അവരുടെ സർവ്വീസിനോ സർവ്വീസുമായി ബന്ധപ്പെട്ട ഉന്നത തൊഴിൽ ലഭിക്കുന്നതിനോ ഗുണകരമാണെങ്കിൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ച് ഉന്നത പഠനം നടത്തുന്നതിന് ചുവടെ പറയുന്ന നിബന്ധനകൾക്കു വിധേയമായി സ്കോളർഷിപ്പ് നൽകുന്നതാണ്.

(a) മെറിറ്റ്/റിസർവേഷൻ സീറ്റിൽ പ്രവേശനം നേടുന്നവർക്കു മാത്രമേ സ്കോളർഷിപ്പ് ലഭിക്കുകയുള്ളൂ.

(b) സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കോഴ്സ് ഫീസ് മാത്രമേ അനുവദിക്കുകയുള്ളൂ. അക്കാഡമിക് അലവൻസുകൾ ലഭിക്കുന്നതല്ല.

(c) ഈ ആനുകൂല്യം സർവ്വീസിൽ ഒറ്റത്തവണ ഒരു കോഴ്സിനു മാത്രമേ ലഭിക്കുകയുള്ളൂ.

(d) കോഴ്സ് കാലയളവിലെ ശമ്പളമോ മറ്റ് അലവൻസുകളോ ഭാവിയിൽ റീ-ഇംബേഴ്സ് ചെയ്തു നൽകുന്നതല്ല എന്നുറപ്പു വരുത്തി സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

ഈ വ്യവസ്ഥകൾക്ക് 2022-23 വർഷം മുതൽ പ്രാബല്യമുണ്ടായിരിക്കും. സ. ഉ. (അച്ചടി) നമ്പർ 50/2009/പ.ജ.പ.വ.വി.വ. തീയതി 2-7-2009-ൽ പരാമർശിച്ചിട്ടുള്ള പ്രീമെട്രിക് വിദ്യാഭ്യാസം, പാരലൽ കോളേജ് വിദ്യാഭ്യാസം, വിദേശ പഠനം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾക്ക് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. പ്രീമെട്രിക് വിദ്യാഭ്യാസം, പാരലൽ കോളേജ് വിദ്യാഭ്യാസം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾക്ക് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ പരാമർശം (1) ഉത്തരവിലെ ഇത് സംബന്ധിച്ച വ്യവസ്ഥകൾ നിലനിൽക്കുന്നതാണ്. പരാമർശം (1) പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം, (2), (4), (5), (6), (7), (8), (10) ഉത്തരവുകൾ നിലനിൽക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**പ്രശാന്ത് എൻ. ഐ. എ. എസ്.,**
*സ്പെഷ്യൽ സെക്രട്ടറി.*

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഹോമിയോപ്പതിക് ഡയറക്ടർ, തിരുവനന്തപുരം

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ആയുർവേദ കോളേജ് പ്രിൻസിപ്പൽമാർ (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന)

മാനേജിംഗ് ഡയറക്ടർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

എല്ലാ സർവ്വകലാശാലാ രജിസ്ട്രാർമാർക്കും (പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G & SSA ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E & RSA), കേരള, തിരുവനന്തപുരം
പ്രവേശന പരീക്ഷാ കമ്മീഷണർ, KEAM
ധനകാര്യ വകുപ്പ്
പട്ടികജാതി/പട്ടികവർഗ്ഗ വികസന (പി. എം.) വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പ്
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ

---